**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5153

15.11.2019 ൽ മറുപടിക്ക്.

**കുടുംബശ്രീ മിഷന്റെ ഫീൽഡ് കോ-ഓർഡിനേറ്റർമാരുടെ വേതനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ബി.ഗണേഷ് കുമാർ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ മിഷന്റെ ബ്ലോക്ക് തലത്തിലുള്ള ഫീൽഡ് കോ-ഓർഡിനേറ്റർമാരുടെ വേതനവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ബ്ലോക്ക് തലത്തിൽ 4 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഡിഡിയുജികെവൈ, എം.കെ.എസ്.പി. എൻ.ആർ.എൽ.എം, എം.ഐ.എസ്. എന്നീ പദ്ധതികൾക്കുവേണ്ടിയാണ് മേൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചു വരുന്നത്. ഇതിൽ ഡിഡിയുജികെവൈ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനമായിരുന്ന 12000/- രൂപയും, എൻ.ആർ.എൽ.എം. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനമായിരുന്ന 15,000/- രൂപയും ഏകീകരിച്ച് 20,000/- രൂപയായി ഉയർത്തിയും, എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 10,000/- രൂപയിൽ നിന്നും 15,000/- രൂപയായി ഉയർത്തിയും 20.09.2019-ലെ സ.ഉ. (സാധാ) നം. 2031/2019/തസ്വഭവ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, എം.ഐ.എസ്. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 15,000/- രൂപയായി കുടുംബശ്രീ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് യാത്രച്ചെലവിനായി വേതനത്തിന്റെ നല്ലൊരു പങ്കം മാറ്റിവയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഇവർക്ക്കാലോചിതമായ ഏകീകൃത യാത്രാപ്പടി വർദ്ധനവ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) കാലോചിതമായി യാത്രാപ്പടി വർധനവ് അനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഡിഡിയുജികെവൈ, എൻ.ആർ.എൽ.എം., എം.കെ.എസ്.പി., എം.ഐ.എസ്. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ യാത്രാബത്ത 2500/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വേതനവും യാത്രാപ്പടിയും വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പുതുക്കിയ വേതന-യാത്രാപ്പടി നിരക്കുകളും അവ എന്നു മുതൽ നടപ്പിൽ വരുമെന്നും മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കുമോ? | (സി) | പുതുക്കിയ വേതനം 2019 ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. ഇതിനു മുൻകാല പ്രാബല്യം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻ.ആർ.എൽ.എം., ഡി.ഡി.യു.-ജി.കെ.വൈ. ബ്ലോക്ക് കോ-ഓർ ഡിനേറ്റർ മാരുടെയും എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെയും വേതനവർദ്ധവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

സ.ഉ.(സാധാ) നം.2031/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/09/2019

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.08.2019 ലെ 1188/M-Skills/2015/KSHO നം. കത്ത്

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.-ജി.കെ.വൈ.) , ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.) , എൻ.ആർ.എൽ.എം. ന്റെ ഉപ പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) എന്നീ പദ്ധതികളിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരായി നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നവർക്ക് യഥാക്രമം 12,000 (പന്ത്രണ്ടായിരംരൂപ),15,000 -(പതിനഞ്ചായിരംരൂപമാത്രം) 10000. (പതിനായിരംരൂപ മാത്രം) എന്നിങ്ങനെയാണ് മാസവേതനം നൽകിവരുന്നത്. ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയും ഒരേ ചുമതലയും ഉള്ള എൻ.ആർ.എൽ.എം. ഡി.ഡി.യു.-ജി.കെ.വൈ. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം ഏകീകരിച്ച് 20,000 -(ഇരുപതിനായിരം) രൂപയായും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ യോഗ്യത ആയുള്ള എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 15,000 - (പതിനഞ്ചായിരം) രൂപയായും വർധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംവിധാനത്തിലെ എല്ലാ പ്രവർത്തനങ്ങളും മികച്ച രീതിയിൽ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും കഴിഞ്ഞ കാലയളവുകളിൽ കോ-ഓർഡിനേറ്റർമാർക്ക്

സാധിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുമായി ഏകോപിപ്പിക്കുന്നതിനും താഴെതട്ടിലെത്തിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്രസ്തുത കോഓർഡിനേറ്റർമാരുടെ മികച്ച സേവനം അനിവാര്യമാണെന്ന് സർക്കാർ കാണുന്നു. ആകയാൽ ഇവർക്ക് മെച്ചപ്പെട്ട വേതന നിരക്ക് നൽകണമെന്ന ആവശ്യം ന്യായമാണ്. മാത്രവുമല്ല ഈ വർദ്ധനവ് വഴി വേണ്ടി വരുന്ന തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയേക്കാൾ കുറവും വാർഷിക പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ളതുമാകയാൽ ഇത് വഴി കുടുംബശ്രീക്ക് അധികബാധ്യത ഉണ്ടാവുകയില്ലെന്നും സർക്കാർ കാണുകയുണ്ടായി.

മേൽസാഹചര്യത്തിൽ കുടുംബശ്രീയിൽ ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയും ഒരേ ചുമതലയും ഉള്ള എൻ.ആർ.എൽ.എം. ഡി.ഡി.യു.-ജി.കെ.വൈ. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം ഏകീകരിച്ച് 20,000/-(ഇരുപതിനായിരം) രൂപയായും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ യോഗ്യത ആയുള്ള എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ വേതനം 15,000/- ( പതിനഞ്ചായിരം) രൂപയായും വർധിപ്പിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

വേതന വർദ്ധനവിന് 01.10.2019 മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
അണ്ടർ സെക്രട്ടറി

പകർപ്പ്:

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി.( ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (w.r.t. file no.Dev-1/232/2017-Fin dtd 12-02-2019)

ഐ&പിആർഡി- വെബ്&ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2019.09.20 16:41:58 IST
Reason: Approved

സെക്ഷൻ ഓഫീസർ